LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ.യിലെ നിയമനം

45 (3146) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ് റവന്യൂ റിക്കവറി വിഭാഗത്തിൽ റവന്യൂ വകുപ്പിൽനിന്നും വിരമിച്ച എത്ര ജീവനക്കാർ ജോലി ചെയ്യുവരുന്നെന്നും ഇവർ എത്ര വർഷങ്ങളായി ജോലി ചെയ്യുന്നെന്നും പേരു സഹിതം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ അറുപതു വയസ്സ് കഴിഞ്ഞവരെയും വർഷങ്ങളായി ജോലി ചെയ്യുന്നവരെയും പിരിച്ചുവിട്ട് കെ.എസ്.എഫ്.ഇ.യിൽ നിന്നോ, പി.എസ്.സി.യിൽ നിന്നോ നിയമനം നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.യുടെ റവന്യൂ റിക്കവറി വിഭാഗത്തിൽ റവന്യൂ വകുപ്പിൽനിന്നും വിരമിച്ച 16 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. അവരുടെ വിവരം താഴെ കൊടുക്കുന്നു:

ക്രമ നമ്പർ	പേര്	ജോലി ചെയ്യുവരുന്ന കാലയളവ്	ജോലി ചെയ്യുന്ന ഓഫീസ്
1	2	3	4
1	പുഷ്പാംഗദൻ ബി.	ജനുവരി 2008 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, തിരുവനന്തപുരം
2	പ്രതാപചന്ദ്രൻ ബാബു	ഒക്ടോബർ 2015 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, തിരുവനന്തപുരം
3	ശ്രീകാന്തൻ കെ.	ജനുവരി 2015 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, തിരുവനന്തപുരം
4	ആർ. വരദരാജൻ	ഒക്ടോബർ 2012 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, നെയ്യാറ്റിൻകര
5	എം. കൃഷ്ണൻകുട്ടി	സെപ്റ്റംബർ 2007 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, നെയ്യാറ്റിൻകര

1	2	3	4
6	കെ. ശിവാനന്ദൻ	മാർച്ച് 2008 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, നെയ്യാറ്റിൻകര
7	എം. കുഞ്ഞാപ്പി	ഡിസംബർ 2015 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, നെയ്യാറ്റിൻകര
8	പ്രസന്നചന്ദ്രൻ നായർ എം.	ഒക്ടോബർ 2010 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, നെയ്യാറ്റിൻകര
9	സുരേന്ദ്രൻ പിള്ള ആർ.	ജൂലൈ 2009 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, കൊല്ലം
10	സദാശിവൻ പിള്ള കെ.	ഏപ്രിൽ 2010 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, കൊല്ലം
11	ഇ. എൻ. കരുണാകര പണിക്കർ	ഏപ്രിൽ 2009 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, കോട്ടയം
12	സി. പി. ജോസ്	ഫെബ്രുവരി 2002 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, തൃശ്ശൂർ
13	സ്വാമിനാഥൻ	ഒക്ടോബർ 2014 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, പാലക്കാട്
14	ജയചന്ദ്രൻ ടി.	ഫെബ്രുവരി 2002 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, കോഴിക്കോട്
15	വി. വി. രാഘവൻ	ജൂലൈ 2000 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, കണ്ണൂർ
16	ശിവാനന്ദൻ പി. വി.	സെപ്റ്റംബർ 2007 മുതൽ	സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

(ബി) റവന്യൂ വകുപ്പിൽനിന്നും വിരമിച്ച ജീവനക്കാർക്ക് ലാന്റ് സർവ്വേയിലുള്ള പരിചയവും പ്രാവീണ്യവും ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണ് ഇവരെ കെ.എസ്.എഫ്.ഇ.യിൽ നിയോഗിച്ചിട്ടുള്ളത്. കെ.എസ്.എഫ്.ഇ.യിൽ നിന്നോ പി.എസ്.സി. വഴിയോ നിയമനം നടത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

കെ.എസ്.എഫ്.ഇ.യിലെ ഒഴിവുകൾ

46 (T*3147) ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 489/2011 (ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ) പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്ന് കെ.എസ്.എഫ്.ഇ.യിലെ ഒഴിവ് റിപ്പോർട്ട് ചെയ്ത തീയതി, എണ്ണം എന്നിവ വ്യക്തമാക്കുന്ന 2011 ജനുവരി 1 മുതൽ 2015 ഡിസംബർ 31 വരെയുള്ള വിശദവിവരം വർഷം തിരിച്ച് നൽകുമോ ;

(ബി) 2016 ജനുവരി 1 മുതൽ ജനുവരി 25 വരെ കെ.എസ്.എഫ്.ഇ. എത്ര ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) 12-12-2014 തീയതിയിലെ ആദ്യ നിയമന ശിപാർശയ്ക്കുശേഷം എത്ര ഒഴിവുകൾ കെ.എസ്.എഫ്.ഇ.യിൽനിന്ന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു എന്ന് വ്യക്തമാക്കാമോ ;

(ഡി) 5-12-2015-നുശേഷം കെ.എസ്.എഫ്.ഇ. റിപ്പോർട്ട് ചെയ്ത ഒഴിവിൽ പി.എസ്.സി. നിയമന ശിപാർശ നൽകാനുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) കാറ്റഗറി നമ്പർ 489/11 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് 2011 മുതൽ 2016 ജനുവരി 26 വരെ ഒരു ഒഴിവുപോലും റിപ്പോർട്ട് ചെയ്യാത്ത സ്ഥാപനത്തിന്റെ പേര് നൽകാമോ ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly